+2 കോഴ്സിനു പഠിക്കുന്ന ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ്

113 [2279] ശ്രീ. കെ. സുധാകരൻ:
,, കെ. മോഹൻകുമാർ:
,, എം. കെ. പോക്കർ മാസ്റ്റർ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്കവികസന സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്കൂളുകളിൽ +2 കോഴ്സിന് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ ലംപ്സം ഗ്രാൻറ് നൽകി കഴിഞ്ഞോ;

(ബി) +2 കോഴ്സിനു പഠിക്കുന്ന ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ് കിട്ടാൻ അർഹതയുണ്ടോ;

(സി) എങ്കിൽ തിരുവനന്തപുരം നഗരത്തിലെ സ്കൂളുകളിൽ +2 കോഴ്സിനു പഠിക്കുന്ന ഒ. ഇ. സി. വിഭാഗത്തിലെ കുട്ടികൾക്ക് ലംപ്സം ഗ്രാൻറ് നൽകിയോ;

(ഡി) തിരുവനന്തപുരം നഗരത്തിലെ സ്കൂളുകളിൽ +2 ക്ലാസിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് ലംപ്സം ഗ്രാൻറ് കൊടുത്തപ്പോൾ ഒ. ഇ. സി. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഈ ഗ്രാൻറ് കൊടുക്കാതിരുന്നതെന്തുകൊണ്ട്;

(ഇ) +2 കോഴ്സിനു തിരുവനന്തപുരം നഗരത്തിൽ പഠിക്കുന്ന ഒ. ഇ. സി. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉടനടി ലംപ്സം ഗ്രാൻറ് കൊടുക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നൽകിവരുന്നു.

(ബി) അർഹതയുണ്ട്.

(സി) നൽകിവരുന്നു.

(ഡി) ഒ. ഇ. സി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ് നൽകി വരുന്നു.

(ഇ) ലംപ്സം ഗ്രാൻറ് കൊടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

അംബേദ്കർ ചുണ്ടൻ വള്ളത്തിൻെറ അറ്റകുറ്റപ്പണികൾ ചെയ്യാൻ നടപടി

114 [2281] ശ്രീ. കെ. കെ. ഷാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിൻെറ നേതൃത്വത്തിൽ പണി കഴിപ്പിച്ച് മനഹറു ട്രോഫി വള്ളംകളിയിൽ ഉൾപ്പെടെ വിവിധ മത്സര വള്ളംകളികളിൽ പങ്കെടുത്ത അംബേദ്കർ ചുണ്ടൻ വള്ളം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം കഴിഞ്ഞ വർഷത്തെ മത്സരങ്ങളിൽ പങ്കെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷത്തെ വള്ളംകളി മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള രീതിയിൽ അംബേദ്കർ വള്ളത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ജില്ലാ കളക്ടറിൽ നിന്നും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 8-7-2005-ന് പട്ടികജാതി വികസന വകുപ്പിനു ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി

115 [2282] ശ്രീ. ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) മിശ്ര വിവാഹിതരുടെ മക്കൾക്കുള്ള ആനുകൂല്യങ്ങളിൽ 22-3-2005-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മിശ്രവിവാഹിതരുടെ പൊതു സ്ഥലം മാറ്റം, അവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഉദ്യോഗ സംവരണം എന്നിവയിൽ മിശ്രവിവാഹ ദമ്പതികളിൽ ഒരാൾ പട്ടികജാതിയിലോ പിന്നോക്ക സമുദായത്തിലോ ഉൾപ്പെട്ടയാളാണെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്നതാണെന്ന സംസ്ഥാന സർക്കാരിന്റെ 1979 ഏപ്രിൽ 24-ലെ ഉത്തരവ് എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്നും ഭേദഗതി എന്താണെന്നും വെളിപ്പെടുത്താമോ;

(സി) അവിവാഹിതകളായ ആദിവാസി അമ്മമാരുടെയും പട്ടികജാതി അമ്മമാരുടെയും മക്കൾക്ക് സംവരണാനുകൂല്യം നൽകുന്ന കാര്യത്തിൽ അനുകൂലമായ ഉത്തരവ് പുറപ്പെടുവിക്കാമോ?

ഉത്തരം

(എ) 25-1-1996-ലെ സർക്കാർ ഉത്തരവ് നമ്പർ 11/77/ഡി. ഡി. ഭരണഘടനാപരമായി സാധുതയില്ലാത്തതിനാൽ റദ്ദാക്കി.

(ബി) പട്ടിക വിഭാഗക്കാർക്കുള്ള സംവരണം നൽകുന്നതിൽ മാത്രമാണ് ഭേദഗതി വരുത്തിയിട്ടുള്ളത്.

(സി) അവിവാഹിതരായ പട്ടികജാതി അമ്മമാരുടെ മക്കളുടെ ജാതി ആ കേസിന്റെ മെറിറ്റ് പരിശോധിച്ച് മാതാവിന്റെ ജാതിയായിത്തന്നെ കണക്കാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly